# Weekly Devotins - march 2018
# The God who comes to save
## (വന്ന് രക്ഷിക്കുന്ന ദൈവം)



വയോധികനായ ഒരു ഗ്രാമത്തലവൻ യേശു ആരാണെന്നും, തനിയ്ക്ക് ലഭ്യമായ ആ സ്നേഹവാന്റെ ദയയെപ്പറ്റിയും വാചാലനായി സംസാരിക്കുന്നവനായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് ഇപ്രകാരം സംസാരിക്കുന്നതിന്റെ കാരണത്തെപ്പറ്റി ഗ്രാമ ത്തലവനോട് ചോദിച്ചു. ഒന്നും മിണ്ടാതെ ഒരു വൃത്തം വരച്ച് അതിനുചുറ്റും ഉണങ്ങിയ പുല്ലും കമ്പും ഇട്ട് ഒരു പുഴുവിനെ പിടിച്ച് വൃത്തത്തിനകത്ത് വച്ചിട്ട് പുറത്ത് തീയിട്ടു. തീയുടെ ചൂട് വർദ്ധിക്കുന്നതനുസരിച്ച് പുഴുവിന്റെ സഞ്ചാരവേഗത വർദ്ധിച്ചു. എന്നാൽ തന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി പാവം പുഴു തലഉയർത്തി മുകളിലേക്ക് നോക്കി പെട്ടെന്ന് ഗ്രാമത്തലവൻ തീമാറ്റി തന്റെ വലതു കരം നീട്ടിക്കൊടുത്തു. ചാഞ്ഞിറങ്ങിയ ആ രക്ഷയുടെ വിരൽത്തുമ്പിൽ പിടിച്ച് അത് സന്തോഷത്തോടെ മുകളിലേക്കു കയറി ! ഇതു പോലെ പാപാഗ്നിയിൽ എരിഞ്ഞുതീരേണ്ട എന്റെ നിസ്സഹായതയിൽ കർത്തൻ നീട്ടിത്തന്ന വലംകരമാണ് എന്നെ നിത്യരക്ഷയിലേക്ക് നയിച്ചത്. ആ നല്ലവനെപറ്റി ഇനിയും സാക്ഷിക്കു മെന്ന് ഗ്രാമത്തലവൻ ഉറക്കെ സാക്ഷിച്ചു.

പാപത്തിന്റെയും ശാപത്തിന്റെയും വേലിയേറ്റങ്ങൾ നമ്മെ കരകയറുവാൻ സമ്മതി ക്കാതെ നശിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, ഓളങ്ങളോ തിരമാലകളോ, ശത്രുവിന്റെ അഗ്നിഅ സ്ത്രങ്ങളോ നമ്മെ തകർക്കാതെ ഇറങ്ങിവരുന്ന ഒരു ദൈവമുണ്ട്. പുറ:(3:9) ൽ " ഞാൻ ഇറങ്ങി വന്നിരിക്കുന്നു" എന്ന് യഹോവ മോശയോട് പറയുന്നതായി കാണാം. അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിലെത്തിക്കഴിഞ്ഞപ്പോൾ തന്റെ ജനത്തെ രക്ഷിപ്പാ നായിട്ടാണ് അവൻ ഇറങ്ങി വന്നത്. കനാൻ നാടിനെ തന്റെ മാറ്റമില്ലാത്ത നിത്യാലോചനക ളിൻ പ്രകാരം ആർക്കായി മാറ്റിവച്ചിരുന്നുവോ അവരോടുള്ള തന്റെ സ്നേഹത്തിന്റെ പരസ്യ

പ്രദർശനം തടയുവാൻ ഫറവോനോ, അവന്റെ ശക്തികൾക്കോ സാദ്ധ്യമല്ല . തന്റെ പദ്ധതിനടപ്പാക്കാനായിട്ടാണ് അവൻ ഇറങ്ങി വന്നത്. പൂർവ്വപിതാക്കന്മാരോട് ഈ ജനത്തെ കനാനിൽ എത്തിയ്ക്കുമെന്ന് പറഞ്ഞ ദൈവത്തിന് ആ ഉത്തരവാദിത്തം നിറവേറ്റുവാൻ ഒരു മനുഷ്യകരം കണ്ടെത്തിയപ്പോഴും, വഴിയിൽ മറുതലിക്കുന്ന ജനത്തെ നന്നായി അറിയുന്നവൻ ഇറങ്ങിവന്നത് അദൃശ്യനായി അവരോടൊപ്പം നടക്കുവാനായിരുന്നു.

ദൈവം തിരഞ്ഞെടുത്ത നേതാവ് (മോശ) ഇറങ്ങിവന്ന രക്ഷകന്റെ പഠനക്കളരിയിൽ അദ്ദേഹം നിശ്ചയിച്ച കാലയളവിൽ പഠിച്ചേ മതിയാകുകയുള്ളു. ആ പഠനകാലാവധി പൂർത്തയാക്കേണ്ടരീതിയിൽ പൂർത്തിയാക്കിയപ്പോഴാണ് മരുഭൂയാത്രയുടെ നേതൃസ്ഥാനം ലഭിച്ച് ദൃശ്യനായ നേതാവായി അദൃശ്യനായി രക്ഷകന്റെ ആജ്ഞ അനുസരിച്ച് പ്രവർത്തിച്ചത്.

എന്നാൽ ഇന്ന്, നമ്മെ രക്ഷിപ്പാൻ ഇറങ്ങി വന്ന് ക്രൂശിതനായി, മരണത്തെ ജയിച്ചവനെപ്പറ്റി കേൾക്കുവാൻ പുതിയനിയമക്രിസ്ത്യാനി തയാറല്ല. ലോകമോഹങ്ങൾ ശാശ്വതമല്ല എന്ന് പറയുന്നവരെ ജനം വെറുക്കുന്നു. നിത്യരക്ഷയോ, ഇറങ്ങിവന്ന രക്ഷകനെയോ പറ്റി കേൾക്കുവാൻ താല്പര്യമില്ലാത്ത തലമുറയാണ് ഇന്ന് ഭൂരിപക്ഷവും, എന്നാൽ വചനത്തിലാശ്രയിക്കുന്നവരോട് രക്ഷകൻ പറയുന്നു കുഴഞ്ഞമുഴങ്കാലുകളെ ഉറപ്പിപ്പീൻ, തളർന്ന കൈകളെ ബലപ്പെടുത്തുവീൻ, ധൈര്യം പകരുവീൻ എന്ന് അതേ! അവൻ വന്ന് നമ്മെ രക്ഷിയ്ക്കും . ചുറ്റുപാടും കത്തുന്ന തീ, തന്റെ ബലഹീനത വ്യക്തമായി മനസ്സിലാക്കിയ പുഴു ഉയരത്തിലേക്കാണ് നോക്കിയത്. ആ സഹായമായ പർവ്വതത്തിലേക്ക് കണ്ണ് ഒന്ന് ഉയർത്താമോ? ദുർശക്തികളോ, ചരടുകളോ, നേർച്ചകളോ, മരിച്ചവരോ, ആരെയും രക്ഷിക്കുകയില്ല. മരണത്തെ ജയിച്ച വീരൻ അവൻ ആകാശം ചായിച്ച് ഇറങ്ങി വരും നമ്മെ രക്ഷിപ്പാൻ. അവനെ സ്വീകരിപ്പാൻ ഒരുങ്ങുക . പരനോടുകൂടെ വാഴുവാൻ ഉള്ള ഭാഗ്യം നമുക്ക് ലഭ്യമാകട്ടെ.


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind